ഗവൺമെൻറ് എൽ പി സ്കൂൾ

പല്ലന

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# സമന്വയം

# ആമുഖം

കേരളത്തിലെ സാധാരണ ജനവിഭാഗങ്ങൾ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് കാലാകാലങ്ങളായി ആശ്രയിച്ചു കൊണ്ടിരിക്കുന്നത് പൊതുവിദ്യാലങ്ങളെയാണ്. അവരുടെ ഉന്നമനത്തിനായി ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കേണ്ടതായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയാകെ വൈവിധ്യമാർന്ന
പരിപാടികളിലൂടെ മുന്നേറുകയാണ്. അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്
ഓരോ വിദ്യാലയത്തിൻറെയും ഭൗതിക-സാമൂഹിക സാഹചര്യങ്ങൾക്കും പങ്കുണ്ട്. ഇതിനായി
ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഏതു പ്രവർ ത്തനവും ശരിയായ ആസൂത്രണത്തിലൂടെ നടപ്പിലാക്കുമ്പോഴാണ് അതിന്റെ
പൂർണതയിലെത്തുന്നത്.

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും, നൈപുണികളും, ശേഷികളും, മനോഭാവവും, മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർ ത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പൊലെയുള്ള പരിപാടികൾ ആരംഭിച്ചിട്ടുള്ളത്. സർക്കാരിൻറെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്തു ഉണ്ടായിക്കൊണ്ടിരിക്കുന്ന മുന്നേറ്റത്തിനൊപ്പം എത്തിച്ചേരാൻ ശ്രമിക്കുക എന്ന ഉദ്ദേശത്തോടെ ഭാവിതലമുറയെ എല്ലാ അർത്ഥത്തിലും പ്രാപ്തരാക്കിമാറ്റാൻ ലക്ഷ്യമിട്ടുകൊണ്ട് സമഗ്രമായ ഈ അക്കാദമിക്മാസ്റ്റർ പ്ലാൻ സവിനയം സമർപ്പിക്കുന്നു.

# ചരിത്രം

ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിന്റെ വടക്കേയറ്റത്തു സ്ഥിതി ചെയ്യുന്ന പൊതു വിദ്യാലയമാണ് ഗവൺമെൻറ് എൽ പി സ്ക്കൂൾ പല്ലന . പല്ലനയാറിനും അറബിക്കടലിനും ഇടയ്ക്കുള്ള പ്രശാന്ത സുന്ദരമായി കൊച്ചു ഗ്രാമത്തിലാണ് ഈ പഞ്ചായത്തിലെ തന്നെ ആദ്യത്തെ സ്ക്കൂൾ ആയ പല്ലന ഗവൺമെൻറ് എൽ പി സ്ക്കൂൾ ആരംഭിച്ചത്. ചരിത്രമുറങ്ങുന്ന ഇന്നത്തെ പല്ലനയുടെ പടിഞ്ഞാറാണ് AD 1895 ഓഗസ്റ്റ് മാസത്തിൽ (ചിങ്ങമാസം ഒന്നാം തീയതി) ഈ വിദ്യാലയം മുത്തശ്ശി ഉദയം ചെയ്തത്. പഴയ സ്ക്കൂൾ കടലാക്രമണത്തിൽ നശിച്ചുപോയപ്പോഴാണ് ഏകദേശം ഏഴ് ദശാബ്ദത്തോളം മുൻപ് ഇപ്പോഴത്തെ സ്ഥലത്ത് സ്ക്കൂൾ കെട്ടിടം പണിതത്.

കാലത്തിന്റെ കുത്തൊഴുക്കിൽ നാട് നീളെ കൂണുകൾ പോലെ അൺ എയ്ഡഡ് സ്ക്കൂളുകൾ മുളച്ചു വന്നപ്പോൾ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ തുടങ്ങി. അപ്പോഴും ഓരോ ക്ലാസിനും രണ്ട് ഡിവിഷനുകൾ വീതം നിലനിർത്തി സ്ക്കൂൾ പ്രൗഢിയോടെ തല ഉയർത്തി നിന്നു. ഈ നാട്ടിലെ ആയിരക്കണക്കിന് ആൾക്കാരുടെ കരുതലും അനുഗ്രഹമാണ് ഈ സ്ക്കൂളിന്റെ പുരോഗതിയുടെ ആധാരശിലകൾ. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച നിരവധി പ്രമുഖർ വിദ്യാലയ മുത്തശ്ശിയുടെ അനുഗ്രഹ പാത്രമായവരാണ്. മൺമറഞ്ഞു പോയവരും ജീവിച്ചിരിക്കുന്നവരും ഈ പ്രമുഖരിൽ ഉൾപ്പെടും

# School profile

| | | |
|---|---|---|
| Name of school | - | Govt. L P SCHOOL PALLANA |
| Phone number | - | 04772296002 |
| Mail id | - | pallanalps@gmail.com |
| School code | - | 35313 |
| Village | - | Thrikkunnapuzha |
| Gramapanchayath | - | Thrikkunnapuzha |
| Ward | - | 17 |
| Cluster | - | Thrikkunnapuzha |
| Block | - | Harippad |
| District | - | Alappuzha |
| Sub District | - | Ambalppuzha |
| BRC | - | Ambalppuzha |
| HM | - | Muhammad Haris A |
| Mobile number | - | 98478 06573 |

## **കുട്ടികളുടെ എണ്ണം**

| CLASS | BOYS | GIRLS | TOTAL |
|---|---|---|---|
| KG | 19 | 20 | 39 |
| CLASS 1 | 12 | 14 | 26 |
| CLASS 2 | 12 | 11 | 23 |
| CLASS 3 | 30 | 21 | 51 |
| CLASS 4 | 16 | 16 | 32 |

**അധ്യാപകരുടെ എണ്ണം**

Hm - 1
Lpst -5
Arabic teacher- 1
Nursery teacher - 1
Helper -1

## അധ്യാപകരുടെ ചുമതലകൾ

**മുഹമ്മദ് ഹാരിസ്**- HM, ഗണിതക്ലബ്, സ്ക്രൂൾ ബസ്
**ജാസ്മിൻ എസ്** - സീനിയർ അസിസ്റ്റൻറ്, ഇംഗ്ലീഷ്ക്ലബ്, എക്കോ ക്ലബ്,
**രാജി ആർ കൃഷ്ണൻ** - PSITC, നൂൺ മീൽ, കലാ മേള, സ്മാർട്ട് കിഡ് ആരോഗ്യ - ശുചിത്വ ക്ലബ്,
**ഷൈമോൾ എസ്**- ഭിന്നശേഷി, സോഷ്യൽ സയൻസ്, സയൻസ്, നൂൺ മീൽ, സ്ക്രൂൾ ബസ്,
**ഷംലാ എൽ** - സ്റ്റാഫ് സെക്രട്ടറി, സ്ക്രൂൾ ബസ്, വിജ്ഞാനപ്പെട്ടി , ബുൾ ബുൾ
**മേബിൻ മാത്യു**- SRG കൺവീനർ, സ്പോർട്സ്
**മുബീന എം**- വിദ്യാരംഗം, ഗന്ധിദർശൻ,

# അവസ്ഥാവിശകലനം

## ഭൗതികം

<u>വിദ്യാലയവിഭവങ്ങൾ ലഭ്യത, ഉപയോഗക്ഷമത</u>

ഓരോ വിദ്യാലയത്തിനും അതിൻെറ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെട്ട ആകണം. വിദ്യാർഥികൾക്ക് സൗകര്യപ്രദവും സ്വതന്ത്രവും സുരക്ഷിതവും ശിശു സൗഹൃദപരമായ അന്തരീക്ഷം ഒരുക്കണം.

വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയും ആണ്. ലഭ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതത്വവും ഗുണപ്രദവുമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ വിദ്യാലയവും മികവുറ്റതാകുന്നു.

## ലഭ്യത

സ്കൂൾ കെട്ടിടങ്ങൾ -5

വിദ്യാലയത്തിന് ലഭ്യമായ സ്ഥലം -44 സെൻ്റ്

അധ്യായം നടക്കുന്ന ക്ലാസുകൾ - 8

ക്ലാസ് റൂം ലൈബ്രറി - എല്ലാ ക്ലാസിലും

പ്രധാനാധ്യാപകൻ്റെ മുറി - 1

സ്റ്റാഫ് റൂം - 1

കമ്പ്യൂട്ടർ റൂം - 1

കമ്പ്യൂട്ടറുകൾ - 9

സ്മാർട്ട് TV - 2

Projecter - 3

ഇൻ്റർനെറ്റ് കണക്ഷൻ - ഉണ്ട്

ടോയ്‌ലറ്റ് ആൺകുട്ടികൾക്ക് - 4

ടോയ്‌ലറ്റ് പെൺകുട്ടികൾക്ക് -5

അഡാപ്റ്റഡ് ടോയ്ലറ്റ് -1

സ്ക്രൂൾ ബസ് - 1

കുടിവെള്ള സ്രോതസ്സുകൾ -പൈപ്പ് വെള്ളം

## ഇനി ആവശ്യമുള്ളവ (ഭൗതികം ,അക്കാദമികം)

*സ്മാർട്ട് ക്ലാസ് മുറികളോട് കൂടിയ പുതിയൊരു സ്ക്രൂൾ കെട്ടിടം

*കുടിവെള്ളത്തിനായി ആറോ പ്ലാൻറ്

*പുതിയൊരു അടുക്കള

*എല്ലാ ദിവസവും കലാകായിക അധ്യാപകരുടെ സേവനം

*കളിസ്ഥലം-കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചയ്ക്ക് സ്ക്രൂളിന് സ്വന്തമായി കളിസ്ഥലം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

*CWSN കുട്ടികൾക്ക് കുറച്ച് കൂടി മെച്ചപ്പെട്ട പരിഗണന വേണം. എല്ലാ ദിവസവും Resource teacher ന്റെ സേവനം ലഭ്യമാക്കണം.

* CCTV

# അക്കാഡമിക മാസ്റ്റർ പ്ലാൻ

## പൊതുലക്ഷ്യം

പൊതു വിദ്യാലയത്തിൽ എത്തുന്ന മുഴുവൻ കുട്ടികളെയും അവരുടെ ശാരീരികവും മാനസികവും ബൗദ്ധികവും സർഗാത്മകവുമായ കഴിവുകളെ കണ്ടറിഞ്ഞു ഏറ്റവും നല്ല ശിക്ഷണം നൽകി ഉത്തമ പൗരന്മാരായി വാർത്തെടുക്കുന്നതിന് അവസരമൊരുക്കുക.

അറിവിനെ സ്ക്രൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപ്പാഠം പഠിക്കുന്ന രീതിയിൽ ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്ക് പഠനപ്രവർത്തനം വികസിപ്പിക്കുക , നിരന്തര മൂല്യനിർണ്ണയത്തിൻ്റെയും വിലയിരുത്തലി ൻ്റെയും സാധ്യത പ്രയോജനപ്പെടുത്തുക, തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദേശങ്ങളിലും പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് മുറിയിൽ നടക്കേണ്ടതെന്ന് വിദ്യാഭ്യാസ അവകാശ നിയമവും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയും മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്

# പ്രവർത്തന മേഖലകൾ

1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, ഭാഷാപഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക.
2 .ഗണിതശേഷി വികസനം
3 .ശാസ്ത്ര പഠനം
4.ഇംഗ്ലീഷ് പഠനം
5. സ്പോക്കൺ ഇംഗ്ലീഷ്
6.ഹോണസ്റ്റി ഷോപ്പ്
7. വായന പ്രോത്സാഹിപ്പിക്കൽ,
സ്കൂൾ ലൈബ്രറി ക്ലാസ്സ് റൂം ലൈബ്രറികൾ എന്നിവ നവീകരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.
8. പഠനയാത്ര , ഫീൽഡ്ട്രിപ്പ്-
ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
9. ദിനാചരണങ്ങൾ -ദിനാചരണങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക.
10. ടേം മൂല്യനിർണ്ണയം/നിരന്തര വിലയിരുത്തൽ
11. അധ്യാപക ശാക്തീകരണം
12. കലാകായിക പ്രവർത്തിപരിചയ മേഖല
13.സ്കൂൾ അസംബ്ലി
14. ക്ലബ്ബ് പ്രവർത്തനങ്ങൾ
15. വിജ്ഞാനപ്പെട്ടി
16. ആരോഗ്യസംരക്ഷണം
17.ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ
18.SMC ശക്തിപ്പെടുത്തൽ
19. SRG ശാക്തീകരണം
20.കമ്പ്യൂട്ടർ പഠനം
21. ക്ലാസ് പി ടി എ
22.പഠനോത്സവം
23. പ്രീ പ്രൈമറി വിഭാഗം
24. ഭവന സന്ദർശനം

| ക്രമ നം | പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | നടത്തിപ്പ് |
| --- | --- | --- | --- | --- |
| | | | | |

| | | | | |
|---|---|---|---|---|
| 14. | ക്ലബ്ബ് പ്രവർത്തനങ്ങൾ | *വിവിധതരം ക്ലബ്ബുകളുടെ രൂപീകരണം<br>*എല്ലാ കുട്ടികളും ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമാണെന്ന് ഉറപ്പാക്കണം<br>*നേതൃത്വം നിശ്ചയിക്കൽ<br>*ചുമതല വിഭജനം<br>*ക്ലബ്ബിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ<br>*വിവിധ ക്ലബ്ബുകളുടെ പ്രവർത്തന ഉദ്ഘാടനം<br>*എല്ലാ മാസവും പ്രവർത്തന അവലോകനവും അടുത്ത മാസത്തേക്കുള്ള ആസൂത്രണവും<br>*സ്കൂൾതല ശില്പശാലകൾ സംഘടിപ്പിക്കൽ<br>*മികച്ച പ്രവർത്തനങ്ങൾ ക്ലാസ് പി.റ്റി എ യിൽ പങ്കുവെക്കൽ<br>*ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ കലോത്സവങ്ങൾ ഉപജില്ല ജില്ലാതല മത്സരങ്ങളുമായി ബന്ധിപ്പിക്കൽ<br>*ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടിയ ശേഷികൾ വിലയിരുത്തൽ | ജൂൺ മുതൽ മാർച്ച് വരെ.<br><br>നവംബർ ഡിസംബർ<br><br>ജൂൺ മുതൽ മാർച്ച് വരെ | SRG<br>CPTA<br><br>SMC<br><br>TEACHERS |
| 15. | വിജ്ഞാനപ്പെട്ടി | *എല്ലാ തിങ്കളാഴ്ചയും ആനുകാലികമായി ബന്ധപ്പെട്ട അഞ്ചു ചോദ്യങ്ങൾ ക്ലാസ് ഗ്രൂപ്പിലും സ്കൂൾ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നു.<br>*കുട്ടികൾ അവയുടെ ഉത്തരങ്ങൾ സ്വയം കണ്ടെത്തുന്നു.<br>*വെള്ളിയാഴ്ച ദിവസം ശരിയുത്തരം പ്രസിദ്ധീകരിക്കുന്നു.<br>*ഒരു മാസം ആകുമ്പോൾ ആ മാസത്തെ എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു.<br>*വിജയികൾക്ക് സമ്മാനം നൽകുന്നു.<br>*ഫെബ്രുവരി മാസം ആകുമ്പോൾ ജൂൺ മുതൽ ഫെബ്രുവരി വരെ നൽകിയ എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി മെഗാ ക്വിസ് നടത്തുന്നു.<br>*വിജയികൾക്ക് വാർഷികത്തിന് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | SRG<br><br>TEACHERS |
| ക്രമനം | പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | നടത്തിപ്പ് |

| | | | | |
|---|---|---|---|---|
| 5. | സ്പോക്കൺ ഇംഗ്ലീഷ് | *എസ് ആർ ജി കൂടി ഒരാഴ്ചയിലെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് എടുക്കേണ്ടവരുടെ പേരു വിവരങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>*രാവിലെ ഡ്യൂട്ടിക്ക് വന്നശേഷം [9 AM] എല്ലാ കുട്ടികളെയും ഒരു റൂമിൽ ഇരുത്തി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ക്രമീകരിക്കുന്നു.<br>*ക്ലാസ് മുറിയിൽ പ്രയോഗിക്കേണ്ട ചെറിയ വാക്യങ്ങൾ കളികൾ വഴി കുട്ടികളിൽ എത്തിക്കുന്നു.<br>* Language games ഉപയോഗിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | SRG<br>TEACHERS |
| 6 | ഹോണസ്റ്റി ഷോപ്പ് | *കുട്ടികളിൽ സത്യസന്ധത വളർത്തുക എന്ന ഉദ്ദേശത്തോടെ ഈ അക്കാദമിക വർഷം തുടങ്ങിയ സ്കൂളിന്റെ തനത് പ്രവർത്തനം.<br>*കുട്ടികൾ ക്ലാസ് റൂമിൽ ഉപയോഗിക്കുന്ന റബ്ബർ, പെൻസിൽ ,കട്ടർ, സ്കെയില്, ക്രയോൺ എന്നിവ ഷോപ്പിൽ ക്രമീകരിക്കുന്നു.<br>* വിലവിവരപ്പട്ടിക തയ്യാറാക്കുന്നു.<br>*കുട്ടികൾ വേണ്ട വസ്തുക്കൾ തിരഞ്ഞെടുക്കുന്നു.<br>*അതിന്റെ<br>തുക ഷോപ്പിൽ വച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുന്നു. *അധികം തുകയാണ് നിക്ഷേപിക്കുന്നതെങ്കിൽ ബാക്കി തുക ബോക്സിൽ നിന്നും എടുക്കുന്നു.<br>*ആദ്യം കുറച്ച് നാൾ ഷോപ്പ് നിയന്ത്രിക്കാനായി നാലാം ക്ലാസിലെ മിടുക്കനായ മൂന്നാല് കുട്ടികളെ ഏൽപ്പിക്കുന്നു അവരുടെ സഹായത്തോടുകൂടി ബാക്കി തുക ബോക്സിൽ നിന്നും എടുക്കുകയും ചെയ്യുന്നു.<br>* രണ്ടാം ടൈമിൽ കുട്ടികൾ സ്വയം കണക്കുകൂട്ടി ബാക്കി തുക ബോക്സിൽ നിന്നും എടുക്കുന്നു.. | ജനുവരി മുതൽ മാർച്ച് വരെ | SRG<br>TEACHERS |
| 23 | പ്രീ പ്രൈമറി | *കുടുംബം, ശുചിത്വം, മഴ, സസ്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ ഭക്ഷണം, | ജൂൺ മുതൽ | SRG |

| | | | | |
|---|---|---|---|---|
| | വിഭാഗം | ആഘോഷങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, ജോലികൾ, കൃഷി, പ്രാണികൾ, വസ്തുങ്ങൾ, ഗ്രാമം, വാഹനങ്ങൾ, ആകാശം, കല, കളികൾ, ജലം, കാട്, മരങ്ങൾ ഈ തീമുകൾക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നിശ്ചയിച്ചു നൽകുന്നു.<br><br>*വിലയിരുത്തുന്നു.<br><br>*പരിഹാരബോധനം നൽകുന്നു | മാർച്ച് വരെ | TEACHERS |
| 24 | ഭവനസന്ദർശനം | * അധ്യാപകർ 2/3 ഗ്രൂപ്പുകളായി തിരിയുന്നു.<br>*ഒരു ലൊക്കേഷനിലെ, നമ്മുടെ വിദ്യാലയത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും പേരുവിവരങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>*കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് പഠന പുരോഗതിയും മറ്റും വിലയിരുത്തുന്നു.<br>*അവരുടെ പരിസരപ്രദേശങ്ങളിൽ നമ്മുടെ സ്കൂളിലേക്ക് വരാൻ സാധ്യതയുള്ള കുട്ടികളുടെ ഭവനങ്ങളും സന്ദർശിച്ച് സ്കൂളിന്റെ മേന്മകളെ പറ്റി അവരോട് പറയുന്നു.<br><br>*അഡ്മിഷൻ ഉറപ്പാക്കുന്നു. | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | SRG<br><br>TEACHERS<br><br>PTA |

| | | | | |
|---|---|---|---|---|
| 22 | പഠനോത്സ<br>വം | *ക്ലാസ് തല പഠനോത്സവം<br>*ക്ലാസിലെ മികച്ച പ്രവർത്തനങ്ങൾ വിഷയാടിസ്ഥനത്തിൽ ലിസ്റ്റ് ചെയ്യുന്നു.<br>*ക്ലാസിൽ അവതരിപ്പിക്കുന്നു<br>*അതിൽ നിന്ന് മികച്ചവ സ്കൂൾ തല പഠനോത്സവത്തിലേക്ക്.<br>*സ്കൂൾ തല പഠനോത്സവം നടത്താൻ പറ്റിയ സ്ഥലം കണ്ടെത്തുന്നു. *PTA/SMC വിളിച്ച് കാര്യങ്ങൾ തീരുമാനിക്കുന്നു<br><br>*പഠനോത്സവം ക്രമീകരിക്കുന്നു. | FEBRUARY | SRG<br><br>SMC<br>PTA<br>TEACHERS |

# സാമൂഹിക പങ്കാളിത്തം

നമ്മുടെ വിദ്യാഭ്യാസ മേഖല വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഇതിന് പ്രധാന ചാലകശക്തി ആകേണ്ടത് പൊതുസമൂഹം ആണ് . അതിനാൽ അധ്യാപകർ, വിദ്യാർഥികൾ രക്ഷിതാക്കൾ, സ്ക്കൂൾ മാനേജ്മെൻറ് കമ്മിറ്റി, എംപിറ്റിഎ, ക്ലാസ് പിടിഎ, പൂർവ്വ വിദ്യാർത്ഥി സംഘടന, പ്രദേശവാസികൾ തുടങ്ങിയ സമൂഹത്തിൻ്റെ വിവിധ മേഖലകളിൽ ഉള്ളവരുടെ പങ്കാളിത്തം വിദ്യാലയ വികസന പ്രവർത്തനങ്ങൾ നിർണായകമായി തീരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള അന്തരീക്ഷവും പഠനസഹായ സംവിധാനവും വിദ്യാലയത്തിൽ രൂപപ്പെടുന്നതിന് പൊതു സമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം വേണം. ഈ പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നത് തരത്തിൽ സാമൂഹിക പങ്കാളിത്ത ലഭ്യമാക്കാൻ നമുക്ക് കഴിയണം.

## വസ്തുതാപരമായ വിവരങ്ങൾ

**1.എസ്എംസി** അംഗങ്ങളുടെ എണ്ണം 16
രക്ഷിതാക്കൾ 12
അധ്യാപകർ 2
സ്ത്രീകൾ 7
ന്യൂനപക്ഷ പ്രതിനിധികൾ 2
സ്വയംഭരണ സ്ഥാപന പ്രതിനിധി 1
W വിദ്യാഭ്യാസ വിദഗ്ധൻ 1
CWSN രക്ഷിതാവ് 1

**2.MPTA**
**3.ക്ലാസ് പിടിഎ**
**4. പൂർവ്വ വിദ്യാർത്ഥി സംഘടന**
**5.വിദ്യാലയ വികസന സമിതി**
**6.സ്ക്കൂൾ സുരക്ഷാ സമിതി**

# സ്ക്കൂൾ നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ

ഭാഷാപരമായ പ്രശ്നങ്ങൾ ( മലയാളം , ഇംഗ്ലീഷ്)

**ലേഖനത്തിൽ വരുന്ന പോരായ്മകൾ**

1 ചിഹ്നങ്ങൾ ശരിയായി ഉപയോഗിക്കാത്തത്
2 അക്ഷരങ്ങളുടെ വ്യക്തതയില്ലാത്തത്.
3 അക്ഷരങ്ങളുടെ എഴുത്ത് രീതിയിൽ വരുത്തുന്ന തെറ്റുകൾ

**വായനയിൽ നേരിടുന്ന പ്രശ്നങ്ങൾ**
1 വ്യക്തതയില്ലാതെ ഉച്ചരിക്കുന്നു

പരിഹാരമാർഗങ്ങൾ

*ചിഹ്നം ചേർക്കാതെ കൊടുക്കുന്ന വാചകങ്ങൾ ചിഹ്നം ചേർത്ത് എഴുതൽ
*വായന കാർഡ് നിർമ്മാണം (ഇംഗ്ലീഷ്, മലയാളം)
*പദകേളി
*മണലിൽ എഴുത്ത്
*ക്ലാസ്മുറിയിൽ ഇംഗ്ലീഷ് ഉപയോഗിക്കൽ

# ഗണിതം

ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്.

പരിഹാരമാർഗങ്ങൾ

1 നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.
2 പ്രകൃതിയിൽ നിന്നുള്ള മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.
3 ഗണിതകേളികളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.

# പരിസരപഠന ഭാഗത്തു വരുന്ന പരീക്ഷണങ്ങൾ.

കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി ക്ലാസുകളിൽ ചെയ്യിക്കുന്നു.
പരിസര നിരീക്ഷണത്തിന് അവസരമൊരുക്കുന്നു.

# ഉപസംഹാരം

2025- 26 അധ്യയന വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ചില കൂട്ടി ചേർക്കലുകൾ അധ്യയന വർഷം മുന്നോട്ട് പോകുമ്പോൾ ആവശ്യമായി വരാം. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ മാസ്റ്റർ പ്ലാൻ വഴങ്ങുന്നതാവണം.

കൃത്യമായി ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കാൻ കഴിയണം. ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിൽ ആവശ്യമായ വിഭവങ്ങൾ കണ്ടെത്തണം.

കുട്ടികളുടെയും വിദ്യാലയത്തിന്റെയും സമഗ്രമായ വികസനം എന്ന ലക്ഷ്യം, കൈവരിക്കാൻ ഈയൊരു അധ്യയന വർഷം കൊണ്ട് നമുക്ക് നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളാണ് ഈ ഒരു മാസ്റ്റർ പ്ലാന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അതിനുതകുന്നതാകട്ടെ ഈ മാസ്റ്റർ പ്ലാൻ.

# SMC അംഗങ്ങൾ

സി വി രാജീവ് [എസ് എം സി ചെയർമാൻ]
സുബിന എം സലിം [എസ് എം സി വൈസ് ചെയർപേഴ്സൺ]
ഗിരീഷ്, നീതു,അഞ്ചു, രാജലക്ഷ്മി,  സജി, ജിജു, അംബിക,
ശാമില, ശ്യാമ, സുൽഫി, മുരളി കൃഷ്ണൻ [വിദ്യാഭ്യാസ വിദഗ്ധൻ]

# പിടിഎ അംഗങ്ങൾ

അഞ്ചു മോൾ [പ്രസിഡണ്ട്]
അജിത് കുമാർ [വൈസ് പ്രസിഡണ്ട്]
ജാസ്മിൻ, അഖിലൻ, ഉഷ, വിജിത, ദിവ്യ, പ്രവീണ,
അജിത് കുമാർ

# എം പി ടി എ അംഗങ്ങൾ

അർച്ചന [പ്രസിഡണ്ട്]
ശ്രീലക്ഷ്മി [വൈസ് പ്രസിഡണ്ട്]
അഞ്ചിത, രഞ്ജിനി, നീതു ദാസ്, അഞ്ചിത ,രേഷ്മ, ശരണ്യ

# അക്കാദമിക മാസ്റ്റർപ്ലാൻ

# CLASS. 1

## 2025-2026

## ആമുഖം

ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം 2024-2025 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിയാനിഭാവങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം,പാട്ടരങ്ങ്,വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്.ഒന്നാം ക്ലാസ്സിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തന്റെ ആശയങ്ങൾ എഴുതുകയും ചെയ്തതിന്റെ വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാ ശേഷിയുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിനുവേണ്ടിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കുന്നത്.

# വാർഷിക ലക്ഷ്യങ്ങൾ

## <u>ഭാഷ വികസനം</u>

- ➔ ചെറു സദസിനു മുൻപാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ,ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ, എന്നിവ വാചികമായി പങ്കിടുന്നതിന്,കഴിവ് നേടുക.
- ➔ ഓരോ കുട്ടിയും വായിച്ചു മനസിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക
- ➔ ഓരോകുട്ടിയും സദസിനു മുൻപാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
- ➔ ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രാസദീകരിക്കുക
- ➔ ഓരോ കുട്ടിയുടെയും തിരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക
- ➔ ഓരോ കുട്ടിയുടെയും പഠനത്തെളിവുകൾ അടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്കു അവസരം ഒരുക്കുക
- സ്വതന്ത്ര വായനക്ക് സജ്ജരാകുക.
- സ്വതന്ത്ര എഴുത്തിനു സജ്ജരാകുക
- തെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- സാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിതം രസകരമാക്കുക

# പൂർണ പങ്കാളിത്ത ക്ലാസ് പി ടി എ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുതിയപാഠപുസ്തകംപഠനരീതിഎന്നിവ ആവശ്യപെടുന്നതരത്തിൽ എല്ലാരക്ഷിതാക്കളെയും ഒന്നാംക്ലാസ്സിലെകുട്ടികൾക്ക് നിരന്തരം പിന്തുണനൽകേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ പ്രാപ്തരാക്കുക .<br>ക്ലാസ് പി ടി എ യിൽ ഒരുമാസത്തെ നേട്ടങ്ങൾ പരിഹരിക്കേണ്ടപ്രശ്നങ്ങൾ എന്നിവഅവതരിപ്പിക്കുകയും അടുത്ത മാസത്തെ ആസൂത്രണം നടത്തുകയും ചെയുക വഴി രക്ഷിതാക്കളി | **1.പ്രഥമ ക്ലാസ് പി ടി എ**<br>ഒന്നൊരുക്കം സന്നദ്ധത പ്രവർത്തനങ്ങൾ ,പാഠപുസ്തകവുംകുഞ്ഞെഴുതുംപരിചയപ്പെടൽ,പ്രാധാന പഠന ശേഷികൾപരിചയപ്പെടുത്തൽ,സംയുക്ത വിലയിരുത്തൽപരിചയപ്പെടുത്തൽ,വായനോത്സവം - കഥാവേളയും രക്ഷിതാക്കളുടെ പങ്കും ' ക്ലാസ്സ്പിടിഎപൂർണപങ്കാളിത്തം ഉറപ്പാക്കുക | ജൂൺ | HM<br>അദ്ധ്യാപിക | |
| | **2 ക്ലാസ് വാട്സ് ആപ്പ്**<br>എല്ലാ രക്ഷിതാക്കളെയും ഉൾപ്പെടുത്തി ക്ലാസ് വാട്സ് ആപ്പ് രൂപീകരിക്കൽ, ഗ്രൂപ്പിന്റെ വ്യക്തത വരുത്തൽ, | ജൂൺ | അദ്ധ്യാപിക | |

| | | | |
|---|---|---|---|
| ൽ കുട്ടിയുടെ പഠന പുരോഗതി സംബന്ധിച്ചു ആത്മവിശ്വാസം ഉണ്ടാക്കുക. | പങ്കിടുന്നത് എന്ത് എന്ന് ബോധ്യപ്പെടുത്തൽ. | | |
| | **3 രക്ഷിതാക്കളുമായിആശയ വിനിമയം** | ജൂൺ - മാർച്ച് | അദ്ധ്യാപിക |
| | **4 ഭവന സന്ദർശനം** | സെപ്റ്റംബർ - മാർച്ച് | അദ്ധ്യാപകർ ,പി ടി എ ,smc |
| സംയുക്ത ഡയറി, രചനോത്സവം, തുടങ്ങിയ പ്രവർത്തനങ്ങളിൽരക്ഷിതാക്കളെ ടെറോൾബോധ്യപ്പെടുത്തുക | **5 എല്ലാമാസവും ആദ്യത്തെ ആഴ്ച്ചയിൽ ക്ലാസ് പി ടി എ കൂടൽ , പ്രതിമാസ** പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ.അടുത്തമാസത്തെ പ്രവർത്തങ്ങൾ ചർച്ച ചെയ്യൽ,പഠന ശേഷിയുടെ കോപ്പി രക്ഷിതാക്കൾക്ക് കണ്ട് ബോധ്യപ്പെടാൻ അവസരം. | ജൂൺ - മാർച്ച് | HM, അദ്ധ്യാപിക |

## വിഷയം : ഭാഷ

### ലക്ഷ്യങ്ങൾ

- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക
- എല്ലാവരെയും മികച്ച വായനക്കാരാക്കുക
- ആശയവിനിമയ ശേഷി കൈവരിക്കൽ

➔ എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

➔ ഓരോകുട്ടിയുടെയും സർഗാത്മക രചനകൾ നടത്തുകയും രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.

➔ ഭാവ പ്രകടനം ശബ്ദ പ്രയോഗം സംഗീതാത്മകത തുടങ്ങിയ പ്രകടനങ്ങളിലൂടെ ഭാഷ പ്രയോഗം, ആത്മവിശ്വാസം തുടങ്ങിയവ വളർത്തുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ◆ **വായനോത്സവവുംകഥാവേളയും** | | | |
| ➢ ക്ലാസ് വായനകൂടാരംഒരുക്കൽ ,ചിത്രവായനക്കു | ജൂൺ – മാർച്ച് | SRG അദ്ധ്യാപിക | |
| ➢ അവസരംനൽകൽ, വെള്ളിയാഴ്ചപുസ്തകവിതരണം, | | | |
| ➢ കഥാവേള വീട്ടിലും സ്കൂളിലും, | | | |
| ➢ കഥ വായിക്കുന്നതിൽ വീട്ടിൽ പിൻതുണ കിട്ടാത്ത കുട്ടികളെ സഹായിക്കൽ | | | |
| ➢ വായിച്ചു കേട്ട കഥ പുസ്തകങ്ങൾ തങ്ങളുടേതായ ശൈലിയിൽ ഭാവവ്യത്യാസം | ജൂൺ – മാർച്ച് | SRG അദ്ധ്യാപിക<br>P T A | |

| | | |
|---|---|---|
| ഉൾക്കൊണ്ട് പറയുവാനുള്ള അവസരം എല്ലാദിവസവും ഉണ്ടാക്കുക | | |
| ● **സർഗാത്മക രചന** | | |
| ➢ കുട്ടികൾക്ക് അവരുടെ ആശയങ്ങൾസ്വത ന്ത്രമായി പങ്കു വെക്കുന്നതിനു സംയുക്തഡയറിഎ ഴുതിക്കുന്നു | | SRG അദ്ധ്യാപിക<br>P T A |
| ➢ ഡയറികൾ ക്ലാസ് പി ടി എ യിൽ പ്രദർശിപ്പിക്കുകയും വിലയിരുത്തുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. | ജൂൺ – മാർച്ച് | SRG അദ്ധ്യാപിക |
| ➢ കുഞ്ഞെഴുത്ത്,സം യുക്ത ഡയറി,സർഗാത്മക ഡയറി എന്നിവക്കുള്ള | | |

| | | |
|---|---|---|
| അവസരങ്ങൾ സൃഷ്ടിക്കുന്നു. | | |
| ➢ തിരഞ്ഞെടുത്ത കുഞ്ഞെഴുതുകൾ, ഡയറിക്കുറിപ്പുകൾ, പുസ്തകരൂപത്തിൽ ആക്കി പ്രദർശിപ്പിക്കുന്നു | ഫെബ്രുവരി - മാർച്ച് | അദ്ധ്യാപിക |
| ➢ പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാതെയും കുട്ടികൾ കേട്ടു പരിചയിച്ച പാട്ടുകളും കുട്ടിക്കവിതകളും ക്ലാസ്സിലും പി ടി എ ,പൊതുസമൂഹം എന്നിവടങ്ങളിൽ താളമേളത്തോടെ അവതരിപ്പിക്കുക | ജൂൺ – മാർച്ച് | അദ്ധ്യാപിക |

**വിഷയം: ഇംഗ്ലീഷ്**

Learning outcomes

- ➔ Describe orally pictures and objects
- ➔ Using simple words and sentences

- ➔ Enjoy simple rhymes
- ➔ To speak ,read and write English with correctly

| Activities | Duration | Charged | Expense |
|---|---|---|---|
| ➢ Using simple pictures , eliciting responses. Describe orally about picture simple language games | June – August | Teacher | |
| ➢ Enjoy simple rhymes and songs with rhythamicaly and sing with proper action | June – March | P T A,Teacher | |
| ➢ Read and write simple words and sentences | August- March | Teacher | |
| ➢ Introduce simple picture and describing , word making, and sentence making | October - March | Teacher | |
| ➢ Preparing simple | January- March | SR G , Teacher, P T A | |

| | | |
|---|---|---|
| reading cards with pictures<br>➢ Give simple instructions in the classroom and encourage<br>➢ Giving importance to English assembly one day in month | June – March<br>September - March | Teacher<br>S R G ,Teacher |

**വിഷയം: ഗണിതം**

ലക്ഷ്യങ്ങൾ

- ➔ അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും നേടുന്നതിന്
- ➔ ഗണിതപഠനത്തിനു സഹായകരമായ രീതിയിൽ മഞ്ചാടി സഞ്ചി തയാറാക്കുക
- ➔ സംഖ്യാ വ്യാഖ്യാനം, ആരോഹണം,അവരോഹണം, വലുത്, ചെറുത്, കുറവ്, കൂടുതൽ, തുല്യം, എന്നീ ശേഷികൾ നേടുക.
- ➔ 1 മുതൽ 99 വരെയുള്ള സംഖ്യകൾ എണ്ണുന്നു, തിരിച്ചറിയുന്നു
- ➔ നമുക്ക് ചുറ്റും വിവിധ ആകൃതിയിലുള്ള വസ്തുക്കൾ ഉണ്ട്.
- ➔ അടിസ്ഥാന ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ➢ വിവിധ ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. വരക്കുന്നു. നിറം നൽകുന്നു<br>➢ മഞ്ചാടി സഞ്ചി | June | Teacher | |

| | | |
|---|---|---|
| തയ്യാറാക്കാം | | |
| മഞ്ചാടി, തീപ്പെട്ടികൂട് ,ബട്ടൻസ്,ഈർക്കിൽ, കമ്പ് കെട്ടുകൾ,സംഖ്യാ കാർഡുകൾ തുടങ്ങിയവ ഉപയോഗിച്ച മഞ്ചാടി സഞ്ചി തയാറാക്കുന്നു | June | Parents |
| ➢ ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് കൂടുതൽ, കുറവ് , വലുത്,ചെറുത്, തുല്യം ,എണ്ണൽ എന്നീ ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നു. | June - September | Teachers |
| ➢ സംഖ്യകളെ വലുതിൽ നിന്നും ചെറുതിലേക്കും, ചെറുതിൽ നിന്നും വലുതിലേക്കും കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു | July – March | SRG , Teachers |
| ➢ ഒന്നുമുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുകയും അവയുടെ വ്യാഖ്യാനവും | July – August | Teacher |
| ➢ 1 മുതൽ 20 വരെയുള്ള സംഖ്യകൾ | August-March | Teacher |

| | | |
|---|---|---|
| തിരിച്ചറിയുകയും അവയുടെ വ്യാഖ്യാനവും | | |
| ➢ 1 മുതൽ 99 വരെയുള്ള സംഖ്യകൾ എണ്ണുകയും തിരിച്ചറിയുകയും ചെയ്യുന്നു. | November – march | Teacher |
| ➢ ഗണിതപ്പാട്ടുകൾ ആസ്വദിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. | June – March | S R G, Teacher, P T A |
| ➢ ഗണിതവുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെടുന്നു. | June - March | S R  G, Teacher, P T A |

ആമുഖം

ഗവ എൽ പി  എസ് പല്ലനയിലെ 2025 26 അധ്യയന വർഷം രണ്ടാം ക്ലാസിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കുംഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് ആ വിഷ്കരിച്ച നടപ്പിലാക്കുന്ന സമയ ഗുണമേന്മ പദ്ധതിയുടെ ഭാഗമായി രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടേയും ആശയഗ്രഹണവായന ഉറപ്പാക്കുക.

ക്ലാസിലെ മുഴുവൻ കുട്ടികളേയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

മുന്നൊരുക്കം.

പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം തിരിച്ചറിയുന്നു.
class PTA നടത്തി കുട്ടികളുടെ നിലവിലെ അവസ്ഥ, കഴിവുകൾ.പരിമിതികൾ, ബോധ്യപെടുത്തുന്നു.

പ്രവർത്തന കലണ്ടർ

1 പ്രവർത്തന കലണ്ടർ   May
2ബോധവത്ക്കരണ പരിപാടി  June ആദ്യ രണ്ടാഴ്ച  pre test
3. മലയാള മധുരം June to march
4. സംയുക്ത ഡയറി June to March
5. പാട്ടരങ്ങ് June to March
6. റീഡേഴ്സ് തിയറ്റർ June To march
7. രചനോത്സവം June to February
8 അരങ്ങൊരുക്കാം  June to march
9 class PTA   June to march

ജൂൺ
ബോധവത്ക്കരണ പരിപാടി.
Pre. Test
വായനയും എഴുത്തും വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കൽ
പാഠഭാഗത്തേക്ക്.
മഴയോ മഴ

യൂണിറ്റ് ടെസ്റ്റ്
class PTA
കുട്ടികളുടെ ഉല്പന്നങ്ങളുടെ പ്രദർശനം.
ജൂലൈ
ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം
ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ
പാഠഭാഗത്തേക്ക്.
നന്നായി ഉണ്ണാൻ (പാട്ടരങ്ങ്, സംഭാഷണം എഴുതാം, കടങ്കഥ, റീഡേഴ്സ് തിയറ്റർ
)unit test
clas PTA
ആഗസ്റ്റ്
ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
വീട്ടു ലൈബ്രറി ഒരുക്കൽ
വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ
പാഠഭാഗത്തേക്ക്.
എന്താണമ്മേ സ്വാതന്ത്ര്യം. ഡയറി കവിത വായിക്കാം, തൊപ്പി നിർമ്മാണം
unit tet
CPTA
സെപ്തംബർ
വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
പാഠ ഭാഗത്തേക്ക്. പൂരം പൊടിപൂരം ( പാടി രസിക്കാം. തുള്ളൽ പാട്ട്.)
unit Test
CPTA

ഒക്ടോബർ
കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ സ്വന്തം ഭാഷയിൽ വാചികമായി
അവതരിപ്പിക്കുന്നതിനുള്ള അവസ രം ഒരുക്കൽ

പാഠഭാഗത്തേക്ക്. രുചിമേളം( ആരോഗ്യശീലങ്ങൾ, വിവിധ തരം ആഹാരങ്ങൾ പരിചയപെടൽ]
unit test
CPTA
നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ.
പാഠ ഭാഗത്തേക്ക്.(പാട്ടരങ്ങ്, നിർമ്മാണം, ക്ഷണക്കത്ത് തയ്യാറാക്കാം. )
unit test
class P T A

ഡിസംബർ
ലേഖന പ്രവർത്തങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുന്നു.
പാഠഭാഗത്തേക്ക്.
unit Test

CPTA

ജനുവരി

വരികൾ കൂട്ടിച്ചേർത്തു പാടുന്നതിനും എഴുതുന്നതിനു മുള്ള അവസരം ഒരുക്കൽ
ഭാഷോത്സവം
പാഠഭാഗത്തേക്ക്
unit Test
CPTA

ഫെബ്രുവരി.
എല്ലാ മേഖലകളിലും കുട്ടി കളെ എത്തിക്കുവാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തുന്നു.
പാഠഭാഗത്തേക്ക്.
പഠനോത്സവം
രചനോത്സവം
unit test
CPTA

മാർച്ച്
വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ,
വായന മത്സരം ഒരുക്കൽ.
വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ
പാഠഭാഗത്തേക്ക്.
റിവിഷൻ
CPTA

ഗണിതം

പ്രവർത്തന ലക്ഷ്യങ്ങൾ
രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളേയും 100 വരെയുള്ള സംഖ്യാബോധം, സംഖ്യ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

സംഖ്യാബോധവും, ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു എഴുതുന്നു.

പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

മുന്നൊരുക്കം.

ഗണിതാശയങ്ങളിൽ കട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

ജൂൺ
പ്രീടെസ്റ്റ്
പാറ്റേണുകളിലെ സംഖ്യാ ബോധം കണ്ടെത്തൽ

ഗണിതകേളികളിൽ ഏർപ്പെടൽ
പാഠഭാഗത്തേക്ക്.

അടുക്കളയിലെ രൂപങ്ങൾ.( വരയ്ക്കുന്നു. നിറം നൽകുന്നു. പാറ്റേൺ കണ്ടെത്തുന്നു. വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.
unit test
PTA

ജൂലൈ
പത്തിന്റേയും ഒന്നിന്റേയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.
പാഠഭാഗത്തേക്ക്.
ഒളിച്ചേ കണ്ടേ (ക്രമമായി എഴുതാം.
പഴങ്ങൾ സഞ്ചിയിലാക്കാം
കൂട്ടങ്ങളാക്കാം.
ഗണിതകേളി

യൂണിറ്റ് ടെസ്റ്റ്
CP TA

ആഗസ്റ്റ്
വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
സംഖ്യ കളുടെ പ്രത്യേകതകൾ കണ്ടെത്താം.
പാഠഭാഗത്തേക്ക്.
നല്ല നാടിനായ് നല്ല നാളേക്കായ്.( ക്രമത്തിലെഴുതാം.
സംഖ്യാ കാർഡുകൾ.
ബാഡ്ജിന് നിറം നൽകൽ
) unit test
CPTA

സെപ്തംബർ
ഗണ്ടിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
ഹോണസ്റ്റി ഷോപ്പ്
യൂണിറ്റിലേക്ക്
സമ്മാന പൊതി (കളി നോട്ട് ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
കളി നോട്ട്നിർമ്മാണം.
unit test

CPTA

ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ
പാഠഭാഗത്തേക്ക്.
ഒന്നായ് ചേരാം.
നന്നായ് വളരാം
( കളി ബോർഡ് പൂർത്തിയാക്കാം.
ബലൂണിന് നിറം നൽക്കാം.)
unit Test
CPTA

നവംബർ
സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത് )
കളി നോട്ട് നിർമ്മാണം.
പാഠഭാഗത്തേക്ക്.
യൂണിറ്റ് Test
CPTA

ഡിസംബർ

സ്ഥാനവില പോക്കറ്റ് നിർമ്മിക്കൽ, അബാക്കസ് നിർമ്മാണം.

പാഠഭാഗത്തേക്ക്.
യൂണിറ്റ് ടെസ്റ്റ്
CPTA

ജനുവരി

വിലവിവരപ്പട്ടിക നിർമ്മിക്കൽ
സങ്കലന- വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
മെട്രിക് മേള
പാഠഭാഗത്തേക്ക്.
യൂണിറ്റ് ടെസ്റ്റ്
CPTA

ഫെബ്രുവരി
ഗണിതകേളികളിൽ ഏർപ്പെടൽ.
ഉല്ലാ സഗണിതം.

പാഠഭാഗത്തേക്ക്.
യൂണിറ്റ് ടെസ്റ്റ്
CP TA

മാർച്ച്
കലണ്ടർ നിർമ്മാണം.
കലണ്ടർ വിശകലനം.
പാറ്റേൺ രൂപീകരണം.
പാഠഭാഗത്തേക്ക്.
റിവിഷൻ
CPTA

Academic master plan
English
Aim . : To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

ആമുഖം
ഗവ എൽ പി  എസ് പല്ലനയിലെ 2025 26 അധ്യയന വർഷം മൂന്നാം ക്ലാസിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കുംഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് ആ വിഷ്കരിച്ച നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി മൂന്നാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ – സ്റ്റാൻഡേർഡ്: 3 (2025–26)

ഉദ്ദേശ്യം:
വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം:
ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ:
🌸ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ
🌸എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ & ജൂലൈ

🌸 Pre-test
🌸നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക
Activities
🌸ഭാഷാ ഗെയിമുകൾ, 🌸ആക്ഷൻ സോംഗ്സ്
🌸ഭാവാത്മക വായന
🌸കഥപറയൽ
🌸അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ
🌸ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി:
🌸ചിത്രവായന
🌸കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

🌸അനുഭവ വിവരണം

🌸ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക
🌸ചിത്ര വിവരണം

ഓഗസ്റ്റ് & സെപ്റ്റംബർ

ലക്ഷ്യം:
സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

വായനശേഷി:
🌸കഥാപുസ്തകങ്ങൾ വായിക്കുക

🌸വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക
🌸പാഠപുസ്തകത്തി ലെ പ്രവർത്തനങ്ങൾ

എഴുത്ത്
🌸വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുക
🌸ചിത്ര വിവരണം
🌸വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക
🌸ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്
🌸വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക

ഒക്ടോബർ & നവംബർ

ലക്ഷ്യം:
ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനശേഷി:
🌸ലൈബ്രറി പുസ്തകങ്ങൾ വായിക്കുക
🌸കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ

ഡിസംബർ& ജനുവരി

🌸 ചിത്രത്തിൽ നിന്നുള്ള വിവരണം.
🌸 പാട്ട് കേട്ട് ചിത്രം വരയ്ക്കൽ
🌸 ഭാവാത്മക വായന.
🌸 തുടർന്നെഴുതിയ കഥ
🌸 യാത്ര അനുഭവക്കുറിപ്പ്
🌸 റോൾപ്ലേ
🌸ഹോം ടൂർ വീഡിയോകൾ
🌸 താളമിട്ട് കവിത ചൊല്ലൽ
🌸 പുതിയ പദങ്ങൾ അക്ഷരമാല ക്രമത്തിൽ എഴുതൽ.
🌸 വീട് വലുതാവുന്ന പോസ്റ്റർ
🌸 കത്ത് തയ്യാറാക്കൽ( ജീവികളുടെ സങ്കടം)

ഫെബ്രുവരി

🌸 അറിയിപ്പ് തയ്യാറാക്കൽ( മാജിക് ഷോ)
🌸 അനുഭവക്കുറിപ്പ് (കുപ്പി പഴം വിഴുങ്ങുന്ന കാണണോ)
🌸 കവിത ചൊല്ലൽ

മാർച്ച്
🌸 പ്രോജക്ട് വർക്കുകൾ
🌸 പോർട്ട് ഫോളിയോ സമാഹരണം.
🌸 കുട്ടികളുടെ കഴിവുകൾ അവതരണം.

🌸 പോസ്റ്റ് ടെസ്റ്റ്

## ഗണിതം – സ്റ്റാൻഡേർഡ് 3 | അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

ഉദ്ദേശ്യം:
വിദ്യാർത്ഥികൾക്ക് ഗണിതത്തെ കുറിച്ചുള്ള താൽപര്യവും അടിസ്ഥാനപ്രവൃത്തി നൈപുണ്യങ്ങളും വളർത്തികൊടുക്കുക.

കാലക്രമം:
ജൂൺ – മാർച്ച്
ലക്ഷ്യം:

വിദ്യാർത്ഥികൾക്ക് ഗണിതത്തെ കുറിച്ചുള്ള താല്പര്യവും അടിസ്ഥാന പ്രവർത്തി നൈപുണികളും വളർത്തികൊടുക്കുക.

പ്രവർത്തനക്രമം

ജൂൺ -ജൂലൈ
ലക്ഷ്യം :
⭐പുനരാവർത്തന പഠനം
⭐ സംഖ്യകളോടുള്ള പ്രാഥമിക അവഗാഹനം.
⭐ ജാമിതീയ രൂപങ്ങളെ കുറിച്ചുള്ള അവബോധം.

പ്രവർത്തനങ്ങൾ
⭐ pretest

⭐ തീപ്പെട്ടികൾ, ഈർക്കിലുകൾ എന്നിവ ഉപയോഗിച്ചുള്ള ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.
⭐ വെജിറ്റബിൾ പ്രിന്റിംഗ്.
⭐ 100 വരെയുള്ള സംഖ്യകളുടെ സംഖ്യാ രേഖ.
⭐ വലിയ സംഖ്യ ചെറിയ സംഖ്യ.

⭐ മൂർത്ത ഉപകരണങ്ങൾ ഉപയോഗിച്ച് കൂട്ടലും കുറയ്ക്കലും.
⭐ സംഖ്യ കേളികൾ.
⭐ കളിനോട്ടുകളും നാണയങ്ങളും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.

ആഗസ്റ്റ്

⭐ സ്ഥാനവില പോക്കറ്റ് ഉപയോഗിച്ച് ആയിരം വരെയുള്ള സംഖ്യകൾ ക്രമീകരിക്കൽ
⭐. അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
⭐ പാറ്റേണുകൾ പൂർത്തിയാക്കൽ.
⭐ ക്ലാസ്സിൽ ഒരു കട എന്ന പ്രവർത്തനം നടത്തി മൂന്നക്ക സംഖ്യകളുടെ സങ്കലനം ഉറപ്പാക്കുക.

സെപ്റ്റംബർ
⭐ മീറ്റർ സ്കെയിൽ, സ്കെയിൽ, തേപ്പ് എന്നിവ ഉപയോഗിച്ച് നീളം അളക്കൽ പരിചയപ്പെടൽ.
⭐ പലതരം പ്രായോഗിക പ്രശ്നങ്ങളിലൂടെ സങ്കലനം ഉറപ്പിക്കൽ.
⭐ ചിത്രങ്ങൾ വരച്ച് എണ്ണൽ, മൂർത്ത വസ്തുക്കൾ തുടങ്ങിയവയിലൂടെ ഒക്കെ ആവർത്തന സങ്കലനമാണ് ഗുണനം എന്ന് ഉറപ്പുവരുത്തൽ.

ഒക്ടോബർ

⭐ക്ളോക്കുകൾ തയ്യാറാക്കൽ സമയം പരിചയപ്പെടൽ.
⭐ കലണ്ടർ തയ്യാറാക്കൽ.

ലക്ഷ്യം:

⭐ഗുണനവും ഭാഗിച്ചും

പാറ്റേൺസ് തിരിച്ചറിയൽ

കാലമാനം മനസ്സിലാക്കൽ

പ്രവൃത്തി മേഖല:

⭐ഗുണനപട്ടികകൾ

കണക്കിലെ നിയമങ്ങൾ

പാറ്റേണുകൾ – കളറുകളും ആകൃതികളും

ക്ലോക്ക് വായിക്കൽ, ദിവസങ്ങൾ, മാസങ്ങൾ

പ്രവർത്തനങ്ങൾ:

ഗുണന ഗെയിമുകൾ

⭐Flashcards

കലണ്ടർ ക്വിസ്

പാറ്റേൺ വരയ്ക്കൽ (color/craft activity)

---

ജനുവരി

ലക്ഷ്യം:

അളവുകൾ

ഭൗതിക വിശകലനം

രൂപങ്ങൾ തിരിച്ചറിയൽ

പ്രവൃത്തി മേഖല:

ത്തൂക്കം, ഉള്ള അളവ്

2D & 3D ആകൃതികൾ

നാണയങ്ങൾ, നോട്ട്

ശരീരം ഉപയോഗിച്ച് അളക്കൽ

പ്രവർത്തനങ്ങൾ:

"Length Hunt" – ക്ലാസ് മുറിയിൽ നീളം കണ്ടെത്തൽ

⭐role play – ഞാൻ ഒരു കടക്കാരൻ

⭐രൂപം പെർസണൽ ആബ്ജക്റ്റുകൾ ഉപയോഗിച്ച് തിരിച്ചറിയൽ

---

ഫെബ്രുവരി – മാർച്ച്

ലക്ഷ്യം:

ഡാറ്റാ ഹാൻഡലിംഗ്

അവലോകനം

സംയുക്ത പ്രോജക്റ്റ്

പ്രവൃത്തി മേഖല:

⭐പട്ടികകൾ, ദ്യാഗ്രാം (ചിത്രങ്ങളിലൂടെ)

ഡാറ്റ ശേഖരണം, നിരീക്ഷണം

Post-test

പ്രവർത്തനപദ്ധതി – മാർക്കറ്റ് സിമുലേഷൻ, മേള കണക്കുകൂട്ടൽ

പ്രവർത്തനങ്ങൾ:

bar graph വരയ്ക്കൽ

market role play

Maths exhibition

portfolio സമാഹരണം

---

ഇത് അനുവദിച്ചാൽ,

ആഴ്ച്ചാനുസൃത Academic Split

Continuous Assessment മാതൃക

ഇൻക്ലൂസീവ് പഠന പ്രവർത്തനങ്ങൾ

ICT–Games/Apps നിർദ്ദേശങ്ങൾ

പരിസരപഠനം – സ്റ്റാൻഡേർഡ് 3 | അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

സംഘം:
ഉദ്ദേശ്യം:
വിദ്യാർത്ഥികളിൽ പരിസരത്തെക്കുറിച്ചുള്ള അറിവ്, സഞ്ചാരശീലങ്ങൾ, പരിസ്ഥിതിക ബോധം, സാമൂഹിക ബാധ്യത എന്നിവ വളർത്തുക.

കാലക്രമം:
ജൂൺ – മാർച്ച്

---

ജൂൺ – ജൂലൈ

ലക്ഷ്യം:

വിദ്യാർത്ഥികളുടെ അടിസ്ഥാന അറിവ് മനസ്സിലാക്കുക

അവഗാഹനത്തിലൂടെ പഠനശ്രദ്ധ വളർത്തുക

പ്രവർത്തനങ്ങൾ:

Pre-test

എന്റെ കുടുംബം, എന്റെ പഠന സ്ഥലം

ചിത്രങ്ങൾ മുഖേന അവലോകനം

ഗ്രൂപ്പ് ചർച്ച – എന്റെ പ്രിയപ്പെട്ട കാഴ്ചകൾ

ചുവടുപടി നോട്ട് – ശേഖരണ പ്രവർത്തനം (കുട്ടികളുടെ മറുപടി രേഖപ്പെടുത്തുക)

സസ്യങ്ങളുടെ വിവിധ ഭാഗങ്ങളായ വേരുകൾ, ഇലകൾ, പൂവുകൾ,തണ്ട് നിരീക്ഷണ പരീക്ഷണങ്ങളിൽ കൂടി പരിചയപ്പെടുന്നു.

പയറു വിത്ത് മുളയ്ക്കൽ: പരീക്ഷണം

ഇല ചിത്രങ്ങൾ തയ്യാറാക്കൽ.

---

ഓഗസ്റ്റ് – സെപ്റ്റംബർ

ലക്ഷ്യം:

സ്വന്തം അനുഭവങ്ങളിൽ നിന്നുള്ള പഠനം

പ്രകൃതിയോട് ചേർന്നുള്ള ധാരണ

വിഷയങ്ങൾ:

ജൈവ – അജൈവ വസ്തുക്കൾ

ജീവികളും അവരുടെ ആവാസവ്യവസ്ഥയും

പ്രകൃതി ഘടകങ്ങൾ – വെള്ളം, വായു, മണ്ണ്

പ്രവർത്തനങ്ങൾ:

പരിശോധന പ്രവർത്തികൾ (പ്രായോഗികം)

പാടം സന്ദർശനം (കിഴങ്ങുവേളികളോ തോട്ടമോ)

പ്രശ്നോത്തരി, ചിത്ര വരയ്ക്കൽ, അനുഭവ രേഖപ്പെടുത്തൽ

ഇസിഡബ്ല്യു പ്രവർത്തനങ്ങൾ – ശുദ്ധജലം കണ്ടെത്തൽ പരീക്ഷണം
ചിത്രശലഭത്തിന്റെ ജീവിതചക്രം ഐസിടി ഉപയോഗിച്ച് കാണിക്കൽ. ചിത്രീകരിക്കൽ.
മൃച്ചട്ടി അരിപ്പ: പരീക്ഷണം
ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കൽ പ്രവർത്തനങ്ങൾ.

---

ഒക്ടോബർ – നവംബർ

ലക്ഷ്യം:

സമൂഹത്തിൽ ആളുകളുടെ ജോലി മനസ്സിലാക്കുക

സുരക്ഷയും ആരോഗ്യവും തിരിച്ചറിയുക

വിഷയങ്ങൾ:

ജോലി ചെയ്യുന്നവരും അവരുടെ പങ്കും

ആരോഗ്യപരിചരണം, ശുചിത്വം

ഗതാഗതം, റോഡ് സുരക്ഷ

പ്രവർത്തനങ്ങൾ:

റോൾ പ്ലേ: ഡോക്ടർ, അഗ്്നിശമനസേന, പണിയാളൻ

സുരക്ഷ ചർച്ച: റോഡ് സെഫ്റ്റി ചിഹ്നങ്ങൾ

ചിത്ര ക്വിസ്, വാക്യ നിർമ്മാണം, സംഭാഷണം

---

ഡിസംബർ – ജനുവരി

ലക്ഷ്യം:

ഉത്സവങ്ങൾ, സംസ്കാരങ്ങൾ തിരിച്ചറിയുക

നാട്ടിൻപുറവും നഗരവും തമ്മിലുള്ള വ്യത്യാസം പഠിക്കുക

പ്രവർത്തനങ്ങൾ:

പുസ്തക വായന: നാട്ടു ജീവിതം/മണ്ഡലം

വ്യത്യസ്ത ഉത്സവങ്ങൾ അവതരിപ്പിക്കൽ

ഗ്രൂപ്പ് പ്രവർത്തനം: പട്ടികയൊരുക്കൽ – നഗര VS ഗ്രാമ

ചിത്രം നിരീക്ഷിച്ച വിവരിക്കാം

---

ഫെബ്രുവരി – മാർച്ച്

ലക്ഷ്യം:

പഠനം സമാപിപ്പിക്കുക, അവലോകനം നടത്തുക

സംയുക്ത പഠനങ്ങൾ & പ്രൊജക്റ്റുകൾ

പ്രവർത്തനങ്ങൾ:

Project Work – നമ്മുടെ ഗ്രാമം/പള്ളിയുണ്ടാക്കുന്നവ

Post-test

Portfolio സമാഹരണം

പ്രകടനം/വൈഭവം – കുട്ടികളുടെ പഠനഫലങ്ങൾ അവതരിപ്പിക്കുക

---

ശേഷിച്ച ഭാഗങ്ങൾ ഉൾപ്പെടുത്താമോ?

ആഴ്ച്ചപരമായ ക്രമീകരണം

വിലയിരുത്തൽ മാതൃക

ഇൻക്ലൂസീവ് പ്രവർത്തനങ്ങൾ (ദൃശ്യ/ശ്രവണശക്തിയില്ലാത്തവർക്ക്)

ICT ഉപകരണങ്ങളുടെ ഉപയോഗം

Standard: 3 | Subject: English | Academic Year: 2024–25

Aim:
To help children listen, speak, read, and write English with confidence.

Duration:
June to March

Focus:
Build vocabulary, improve communication skills, and develop reading and writing abilities.

---

June & July – Foundation Building

Goals:

Identify letters and sounds

Listen and respond to simple English

Activities:

Pre-test (basic vocabulary and recognition)

Listening games, action songs, rhymes

"Hello English" activities

Show & tell using flashcards or toys

Picture talk – identify animals, fruits, etc.

Use ICT tools for listening and watching simple English stories

---

August & September –

Vocabulary & Simple Sentences

Goals:

Use simple English to express ideas

Start basic reading

Cookery show video.
Activities:

Picture reading

Find and say naming/action words

Make 2–3 word sentences

Identify objects around and speak a line about them

TB-based activities (Textbook)

Make a "My Word Book" (collect and write new words)

Role play

---

October & November

Expressions & Fun with English

Goals:

Improve story comprehension

Introduce basic writing

Activities:

Library story sessions

Group storytelling using pictures

Use ICT: Watch and discuss short English cartoons

Create a mini skit (guided)

Write 2–3 sentences on a given topic

Make simple riddles and puzzles

---

December & January

Reading & Writing Practice

Goals:

Enhance fluency and creativity

Activities:

Reading corner: Daily reading time

Speak about daily routine

Class conversations (guided)

Start simple diary writing

Sentence building (cut-and-paste activity)

Fill in the blanks / Picture-based sentence writing

---

February & March

Presentation & Review

Goals:

Boost confidence in public speaking and writing

Activities:

Storytelling contest

Reading exhibition

Prepare mini book (with help)

"My Diary" writing

Picture descriptions

Revision games
Portfolio

Post-test (simple vocabulary, sentence writing)

—

# زمزم

الخطة الرئيسية الاكادمية

# സംസം – അക്കാദമിക മാസ്റ്റർ പ്ലാന്

## അറബിക്

ആമുഖം

ഐക്യരാഷ്ട്ര സഭ അംഗീകരിച്ച ആറു ഭാഷകളിൽ ഒന്നാണ് അറബിക്. അനവധി രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയായ അറബി ഭാഷ പഠനം അനന്തമായ തൊഴിൽ സാധ്യത ഉറപ്പാക്കുന്നു. ലോക ഭാഷയായ അറബിക് പ്രൈമറി തലം മുതൽ പഠിക്കാൻ കഴിയുന്നത് കൊണ്ട് പ്രയാസരഹിതമായി ഭാഷ കൈകാര്യം ചെയ്യാൻ കഴിയും. ജൂൺ മുതൽ മാർച്ച് വരെ സ്കൂൾ പ്രവർത്തനങ്ങളും , ഏപ്രിൽ-മെയ് മാസങ്ങളിൽ അവധിക്കാല പ്രവർത്തനങ്ങളുമടങ്ങിയ തുടർപ്രവർത്തനമായിട്ടുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ലക്ഷ്യങ്ങൾ

എൽ. പി. തലം പൂർത്തിയാക്കുന്ന കുട്ടി അറബി ഭാഷയിൽ ആർജ്ജിക്കേണ്ട കഴിവുകൾ പൂർണ്ണമായും നേടുവാൻ പ്രാപ്തരാക്കുക.

അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും ലളിതമായ ഭാഷ പ്രയോഗങ്ങൾ മനസ്സിലാക്കുന്നതിനും പ്രവർത്തനങ്ങൾ നൽകുക.

ഭാഷ അനായാസം എഴുതാനും വായിക്കാനും പ്രാപ്തി നൽകുക.

അറബി ഭാഷ പഠിക്കാനും കൈകാര്യം ചെയ്യാനും പ്രേരണ നൽകുക

അറബി ഭാഷ കൈകാര്യം ചെയ്യാൻ ആത്മവിശ്വാസം നൽകുക.

നല്ല വായനക്കാരനാക്കുക

കൂടുതൽ ഭാഷ സ്വായത്തമാക്കാൻ പ്രോത്സാഹനം നൽകുക

പ്രവർത്തന പദ്ധതി

| നം. | ലക്ഷ്യം | ക്ലാസ് | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കൽ | 1 | ജൂൺ - ജനുവരി | ഓരോ പാഠഭാഗത്തും വരുന്ന അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കാൻ<br>• അക്ഷരക്കാർഡ് , ചിത്രക്കാർഡ് തയ്യാറാക്കൽ<br>• അക്ഷരപ്പാട്ട് ശേഖരിച്ച് മനപ്പാഠമാക്കൽ<br>• ഐസിടി<br>• വേഡ് ഹണ്ടിംഗ് |
| 2 | പദസമ്പത്ത് വർദ്ധിപ്പിക്കൽ | 1,2,3,4 | ജൂൺ - ഫെബ്രുവരി | പഠിക്കുന്ന വാക്കുകൾ ഓർത്തിരിക്കാനും കൂടുതൽ പദശേഖരത്തിനുമായി<br>• എല്ലാദിവസവും ഒരു അറബി പദവും അതിൻറെ മലയാളം , ഇംഗ്ലീഷ്, ഹിന്ദി അർത്ഥവും എഴുതിയിടുന്നു.<br>• ഡിക്ഷണറി നിർമ്മാണം |

| | | | | |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 3 | തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാവുക. | 1,2,3, 4 | ജൂൺ - മാർച്ച് |  വാക്കുകളും വാക്യങ്ങളും ഉറപ്പിക്കാൻ<br>• ചിത്രക്കാർഡ് വായന<br>• വായനക്കാർഡ് വായന<br>• പാഠപുസ്തക വായന<br>• ക്ലാസ് ലൈബ്രറി വായന<br>• ആവർത്തന വായന<br>• ചിത്രകഥ വായന<br>• പദ്യ വായന<br>• ഗ്രൂപ്പ് വായന<br>• വീട്ടുവായന<br>• ഓരോ മാസവും വായന മത്സരം<br>• ദിനാചരണങ്ങളിൽ തയ്യാറാക്കുന്ന അറബി പോസ്റ്ററുകൾ വായിക്കുക<br>• ക്ലാസ്സിൽ പാഠഭാഗവുമായി ബന്ധപ്പെട്ട വാക്കുകളും അർത്ഥവും പ്രദർശിപ്പിക്കുന്നു. ഓരോ യൂണിറ്റ് കഴിയുമ്പോഴും ടെസ്റ്റ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു.<br>• അസംബ്ലിയിൽ അറബി പദപരിചയം നടത്തൽ<br>• ദിനാചരണങ്ങളിൽ അറബി പോസ്റ്ററുകൾ പ്രദർശിപ്പിക്കൽ<br>• മെമ്മറി ടെസ്റ്റ്<br>• ആഴ്ചയിലൊരു ചിത്രം നൽകിഅതിന്റെ അറബി പേര് കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കാം. നറുക്കെടുപ്പിലൂടെ വിജയിക്ക് സമ്മാനം |

| | | | | |
|---|---|---|---|---|
| 4 | എഴുത്ത് മെച്ചപ്പെടുത്തൽ | 1,2,3, 4 | ജൂലൈ - ജനവരി |  കൈയ്യക്ഷരം മെച്ചപ്പെടുത്താനും തെറ്റ് കൂടാതെയുള്ള എഴുത്ത് ശീലിക്കാനും<br>• ആവർത്തന എഴുത്ത്<br>• അക്ഷരങ്ങളുടെ എഴുത്ത് രീതി പരിചയപ്പെടുത്തൽ<br>• കോപ്പി എഴുത്ത്<br>• കൈയ്യെഴുത്ത് മത്സരം<br>• കൈയ്യെഴുത്ത് പതിപ്പ് തയ്യാറാക്കലും പ്രദർശനവും<br>• നല്ല എഴുത്ത് വീഡിയോ പ്രദർശനം<br>• ചാർട്ട് എഴുത്ത്<br>• ചുമർ പത്രിക തയ്യാറാക്കൽ<br>• വായനക്കാർഡ് തയ്യാറാക്കൽ<br>• പോസ്റ്ററുകൾ , ആശംസാകാർഡുകൾ തയ്യാറാക്കൽ |
| 5 | ഭാഷ സംസാരിക്കുന്നതിന് അവസരം | 1,2,3, 4 | ജൂലൈ - മാർച്ച് |  അറബി ഭാഷ സംസാരിക്കുന്നതിന് പ്രോത്സാഹനം നൽകാൻ<br>• ക്ലാസ് പ്രവർത്തനങ്ങൾ , സംഭാഷണങ്ങൾ കൂട്ടുകാരുമായി സംസാരിക്കൽ<br>• റോൾ പ്ലേ<br>• വീഡിയോകളിലൂടെ ഭാഷ കേൾക്കാൻ അവസരം നൽകൽ<br>• പാഠഭാഗങ്ങൾ ദൃശ്യാവിഷ്കാരം<br>• സ്പീക്കിംഗ് ഗെയിംസ് – ഐസിടി<br>• സ്കിറ്റ് അവതരണം<br>• അറബിക് അസംബ്ലി |
| 6 | ഭാഷ പഠനത്തിന് പ്രോത്സാഹനം നൽകൽ | 1,2,3, 4 | ജൂലൈ - ഡിസംബർ |  ഭാഷാപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ<br>• സ്കോളർഷിപ്പ് പരീക്ഷ നടത്തി കാഷ്പ്രൈസ് നൽകൽ<br>• ഐസിടി ഗെയിമുകൾ<br>• പഠനപ്രവർത്തനങ്ങളുടെ ഐസിടി അവതരണം |

| | | | | |
|---|---|---|---|---|
| | | | | • നല്ല മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനം നൽകൽ<br>• അസംബ്ലി<br>• ക്വിസ് |
| 7 | സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ | 1,2,3,<br>4 | ജൂലൈ – മാർച്ച് |  ഗാനാലാപനം , കഥാകഥനം, വായന സദസ്സ് സംഘടിപ്പിക്കൽ<br> കവിത രചന – വരികൾ കൂട്ടിച്ചേർക്കൽ<br> മാഗസിൻ നിർമ്മാണം<br> അറബിക്കഥകൾ പരിചയപ്പെടുത്തൽ |
| 8 | ലൈബ്രറി വിപുലീകരണം | 1,2,3,<br>4 | ജൂലൈ - മാർച്ച് |  ബുക്ക് സമാഹരണം<br>• കുട്ടികളിലൂടെ<br>• അറബി അധ്യാപകരിലൂടെ<br>• സ്പോൺസർഷിപ്പ് |
| 9 | അവധിക്കാല പ്രവർത്തനങ്ങൾ | 1,2,3,<br>4 | ഏപ്രിൽ - മെയ് |  പഠനത്തിൻറെ തുടർച്ച നിലനിർത്താനായി അവധിക്കാല പ്രവർത്തനങ്ങൾ നൽകുന്നു. പ്രവർത്തനം പൂർത്തിയാക്കുന്നവർക്ക് സമ്മാനം നൽകുന്നു. |